# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2899** **20/07/2011-ൽ മറുപടിക്ക്**

## വികസന അതോറിറ്റികൾ പുനർജ്ജീവിപ്പിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ. പി. ജയരാജൻ:<br>ശ്രീ. സി. കെ. സദാശിവൻ:<br>ശ്രീ. സാജു പോൾ:<br>ശ്രീ. എസ്. രാജേന്ദ്രൻ: | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) മുൻ സർക്കാർ നിർത്തലാക്കിയ വികസന അതോറിറ്റികൾ പുനർജ്ജീവിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ; | (എ) ഉണ്ട്; ഈ സർക്കാരിന്റെ നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഈ തീരുമാനം. |
| (ബി) വികസന അതോറിറ്റികൾ നിലവിൽ വന്നാൽ അധികാര വികേന്ദ്രീകരണം തടയപ്പെടുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) വികസന അതോറിറ്റികൾ നിലനിന്നിരുന്ന കാലത്ത് ജോലി ചെയ്തിരുന്ന ജീവനക്കാരെ തദ്ദേശ സ്ഥാപനങ്ങളിലേക്ക് നിയമനം നൽകി വരികയാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) നിർത്തലാക്കിയ വികസന അതോറിറ്റികളിലെ സ്ഥിര ജീവനക്കാർക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നിയമനം നൽകിയിട്ടുണ്ട്. |
| (ഡി) വികസന അതോറിറ്റികൾ പുനരുജ്ജീവിപ്പിച്ചാൽ വീണ്ടും ഈ ജീവനക്കാരെ അവിടേക്ക് തിരിച്ചു കൊണ്ടു വരേണ്ടി വരുന്നത് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ ബാധിക്കുമെന്ന് കരുതുന്നുണ്ടോ? | (ഡി) ഇല്ല. |

സെക്ഷൻ ഓഫീസർ